മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, കേരളത്തിൽ ബി.എസ്.എഫ്-ന്റെ ബേസ് ക്യാമ്പ് എന്നുള്ളത് സംസ്ഥാന ഗവൺമെന്റ് സ്വാഗതം ചെയ്യുന്ന ഒരു നിർദ്ദേശമാണ്. ഞാൻ കഴിഞ്ഞ പ്രാവശ്യം ഡൽഹിയിൽ പോയപ്പോൾ ബി.എസ്.എഫ്-ന്റെ ഡയറക്ടർ ജനറലുമായി ഈ കാര്യം സംസാരിച്ചു. ഈ സ്ഥലം കിട്ടിയാൽ അവർ തീരുമാനം പ്രായോഗികതലത്തിൽ കൊണ്ടുവരാമെന്നാണ് തന്നിരിക്കുന്ന ഉറപ്പ്. നൂറനാട് സാനിറ്റോറിയത്തിന് സ്ഥലം കൊടുക്കുന്നതിന് ബുദ്ധിമുട്ടില്ല എങ്കിൽ അത് ഏറ്റവും നല്ല നിർദ്ദേശമായിരിക്കും. ഇതിനോടകംതന്നെ ജില്ലാകളക്ടറോട് ഇതിന്റെ വിശദാംശമൊക്കെ ചോദിച്ചുകൊണ്ട് ഗവൺമെന്റ് കത്തെഴുതി. എത്രയും വേഗം അതിന്റെ റിപ്പോർട്ട് വരുത്തി അതിന്മേലുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

(7) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടേയും പ്രവർത്തനം

ശ്രീ. കെ. മോഹൻകുമാർ: സർ, കേരളത്തിലെ ആരോഗ്യ ചികിത്സാവിദ്യാഭ്യാസ മേഖലയിലെ മാതൃസ്ഥാപനമാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്. മെഡിക്കൽ കോളേജിന്റെ അപര്യാപ്തതകളും അവശതകളും അനാരോഗ്യവും പരിഹരിക്കുന്നതിന് ഊർജ്ജിതമായ നടപടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വാഹന അപകടങ്ങൾ വളരെയധികം വർദ്ധിച്ചുവരുന്ന ഒരു സാഹചര്യത്തിൽ വളരെക്കാലമായി പണി പൂർത്തിയാക്കിയിട്ടിരിക്കുന്ന ട്രോമാ കെയർ യൂണിറ്റ് ഉപകരണസജ്ജമാക്കി പ്രവർത്തിപ്പിക്കുന്നതിനുള്ള നീക്കം ഉണ്ടാകണം. അതുപോലെ വിദഗ്ദ്ധ ഡോക്ടർമാർ ആവശ്യത്തിനുണ്ടെങ്കിലും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വളരെക്കാലമായി നടക്കുന്നില്ല. ആ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി താല്പര്യമെടുക്കണം. ആശുപത്രി അഡ്മിനിസ്ട്രേഷൻ വളരെയധികം പരാജയപ്പെട്ടുകഴിഞ്ഞു. അത് ആധുനികമാക്കാനുള്ള ശ്രമം ഉണ്ടാകണം. എച്ച്.ഡി.എസ്സും പേയിംഗ് കൗണ്ടറും കാര്യക്ഷമവും അഴിമതിമുക്തവും ആക്കണം. സൗജന്യ മരുന്ന് വിതരണത്തിന്റെ പരിധി പ്രതിമാസം ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുവാനുള്ള നീക്കമുണ്ടാകണം. എക്സ്റേയുടേയും ക്ലിനിക്കൽ ടെസ്റ്റിന്റെയും സൗകര്യം ഇപ്പോൾ നിർദ്ധന രോഗികൾക്ക് നിഷേധിച്ചിരിക്കുകയാണ്. അവ ഉറപ്പാക്കണം. ഇനി പരാമർശിക്കപ്പെടേണ്ടതായ നിരവധി വിഷയങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതല സമ്മേളനം വിളിച്ചു ചേർക്കുവാനുള്ള നടപടി ഉണ്ടാകണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപനം ഒരു സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ തുടരുന്നുണ്ട്. പ്രധാനപ്പെട്ട വകുപ്പുകളായ സർജറി, ന്യൂറോളജി, കാർഡിയോതൊറാസിക് സർജറി. ന്യൂറോ സർജറി എന്നീ വിഭാഗങ്ങളിൽ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങി പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ആവശ്യമായിട്ടുള്ള തിയേറ്ററൊക്കെ ശരിയായി. ആവശ്യമായ പുതിയ ഉപകരണങ്ങൾക്ക് ഓർഡർ നല്കിയിട്ടുണ്ട്. അത് കിട്ടുന്ന മുറയ്ക്ക് അവിടെ തുടങ്ങുന്നതാണ്. എങ്കിലും ഈ കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിന് ആവശ്യമായ ഒരു യോഗം വിളിക്കണമെന്ന് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താമസിയാതെ ഒരു യോഗം വിളിച്ചു ചേർക്കുന്നതാണ്.

(8) തൃശ്ശൂരിലെ ശ്രീരാമകൃഷ്ണ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ അംഗീകാരം

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ. പുറനാട്ടുകരയിലെ ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരം ഹയർ സെക്കന്ററി സ്കൂളിലെ വളരെ നിസ്സാരമെന്നു തോന്നാവുന്ന ഒരു കെട്ടിടത്തിന്റെ സാംഗ്ഷനെ സംബന്ധിച്ച്, ഒരു സബ്മിഷൻ അവതരിപ്പിക്കുന്നതിൽ എനിക്ക് ഖേദമുണ്ട്. വളരെ പ്രസിദ്ധമായതാണ് ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരം. എന്നേക്കാൾ ഏറ്റവും കൂടുതൽ അറിയുന്നത് ബഹുമാനപ്പെട്ട സ്പീക്കർക്കാണെന്ന് എനിക്കറിയാം. ഒൻപതു മുറികളുള്ള ആ കെട്ടിടത്തിന് പോസ്റ്റ് കെ. ഇ. ആർ. അനുസരിച്ച് സാംഗ്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടി ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ സമീപിച്ചപ്പോൾ വളരെ ആദരവോടുകൂടിയാണ് അദ്ദേഹം ആ സ്കൂളിനെക്കുറിച്ച് സംസാരിച്ചതും നിർദ്ദേശങ്ങൾ നല്കിയതും. പക്ഷേ ഈ കെട്ടിടത്തിന്റെ സാംഗ്ഷനെ സംബന്ധിച്ച് ഇതുവരെ ഉത്തരവ് നല്കാൻ തൃശ്ശൂർ ഡി.ഇ.ഒ-യോ ഡി.ഡി.-യോ തയ്യാറായിട്ടില്ല എന്നുള്ള ഖേദകരമായ വസ്തുത ഞാൻ അറിയിക്കുകയാണ്. വളരെ പ്രസിദ്ധമായ ആ സ്ഥാപനത്തിന്റെ മാനേജർ ആരാധ്യനായ ശക്രാനനന്ദ സ്വാമിജിയാണെന്ന് ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. എന്നിട്ടുപോലും ഇവിടെ നിരന്തരമായി ബന്ധപ്പെട്ടിട്ടും, ബഹുമാനപ്പെട്ട മന്ത്രി ഇതിനു വേണ്ട ഉത്തരവു നല്കിയിട്ടും ഈ കെട്ടിടത്തിനു വേണ്ടിയുള്ള സാംഗ്ഷൻ ഡി.ഇ.ഒ. ഇതുവരെ നല്കിയിട്ടില്ല. അവർ പറഞ്ഞത് ഇവിടുത്തെ സെക്രട്ടേറിയറ്റിൽ അതു സംബന്ധിച്ച് പഴയ ഫയൽ ഉണ്ടെന്നാണ്. അങ്ങനെ ഒരു ഫയൽ ഉണ്ടെങ്കിൽ അതു വരുത്തി വേണ്ട നിർദ്ദേശങ്ങൾ നല്കേണ്ടതല്ലേ? കഴിഞ്ഞ ആറ് മാസമായി ഞാൻ ഈ കാര്യത്തിനുവേണ്ടി നിരന്തരമായി സെക്രട്ടേറിയറ്റിലും ബന്ധപ്പെട്ട ആളുകളേയുമൊക്കെ സമീപിക്കുകയാണ്. എന്നിട്ടുപോലും അതിനു അനുവാദം തന്നിട്ടില്ല. അങ്ങനെ അനുവാദം തരാത്തതുകൊണ്ട് ഒരുപാട് പ്രയാസങ്ങൾ ആ സ്കൂളിനുണ്ട്. അതുകൊണ്ട് കെ.ഇ.ആർ. അനുസരിച്ച് ഒമ്പതു മുറികൾക്കുള്ള സാംഗ്ഷൻ തരണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.